Mathrubhumi
മാതൃഭൂമി

# ഇതാണ്  പോലീസ്
# ഇതാവണം പോലീസ് സ്റ്റേഷൻ

**നൂറുവർഷം പഴക്കമുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന വർക്കല പോലീസ് സ്റ്റേഷന് മനോഹരമന്ദിരം**

**നിർമാണച്ചെലവ് 1.39 കോടി**

**പുതിയ കെട്ടിടം 7300 ചതുരശ്രയടിയിൽ**

## ഉദ്ഘാടനം 9-ന്

എസ്. പ്രതീഷ്
വർക്കല

▸ നൂറ്റാണ്ടു പഴക്കമുള്ള വർക്കല പോലീസ് സ്റ്റേഷൻ കെട്ടിടം നിന്ന സ്ഥലത്തേക്ക് ഇപ്പോഴൊന്നു നോക്കിയാൽ ആർക്കും സംശയം തോന്നാം. പോലീസ് സ്റ്റേഷൻ മാറ്റി പകരം ഇവിടെ റിസോർട്ട് പണിതോ? വിനോദസഞ്ചാരകേന്ദ്രമായ വർക്കലയിലെ പോലീസ് സ്റ്റേഷനുവേണ്ടി ആധുനികരീതിയിൽ, പഴമയുടെ പുതുമ നിലനിർത്തി നിർമിച്ച



വർക്കല പോലീസ് സ്റ്റേഷന്റെ പഴയ കെട്ടിടം

മനോഹരമായ കെട്ടിടമാണ് എല്ലാവരുടെയും ശ്രദ്ധയാകർഷിക്കുന്നത്. മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ വർക്കലയിലെ കുറ്റകൃത്യങ്ങളെ ഏറെ നിയന്ത്രിക്കാൻ കഴിഞ്ഞ വർക്കല പോലീസിനുള്ള അംഗീകാരംകൂടിയാണ് പുതിയ കെട്ടിടം.

പഴയ കെട്ടിടം പൊളിച്ച് അതേ സ്ഥാനത്താണ് പുതിയ കെട്ടിടം പണിതത്. 1.39 കോടി രൂപ ചെലവഴിച്ച് 7300 ചതുരശ്രയടിയിൽ ഹാബിറ്റാറ്റാണ് ഇരുനിലക്കെട്ടിടം നിർമിച്ചത്. ആർക്കിടെക്ട് ജി.ശങ്കറാണ് കെട്ടിടം രൂപകല്പന ചെയ്തത്. പണി പൂർത്തിയായ കെട്ടിടത്തിന്റെ ഉദ്ഘാടനം ഒമ്പതിനു രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസിങ്ങിലൂടെ നിർവഹിക്കും.

പഴയ കെട്ടിടത്തിന്റെ കുറച്ചു ഭാഗം നിലനിർത്തി, ഇതിനു പിന്നിലായി 1220 ചതുരശ്രയടി കൂടി എടുത്താണ് പുതിയ കെട്ടിടം ഒരുക്കിയത്. താഴത്തെ നിലയിൽ എസ്.എച്ച്.ഒ., എസ്.ഐ.മാരുടെ മുറികൾ, ഓഫീസ്, റെക്കോഡ് മുറി, പുരുഷ-വനിതാ ലോക്കപ്പുകൾ, ഹെൽപ്പ് ഡെസ്കുകൾ, വിസിറ്റേഴ്സ് ലോഞ്ച് എന്നിവയാണുള്ളത്. ഒന്നാംനിലയിൽ കോൺഫറൻസ് ഹാൾ, പുരുഷ-വനിതാ പോലീസുകാരുടെ വിശ്രമമുറി, ക്രൈം ഇൻവെസ്റ്റിഗേഷൻ വിങ്, സി.സി.ടി.എൻ.എസ്. കൺട്രോൾ റൂം എന്നിവയാണ്. പൂന്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവയും സ്റ്റേഷനിലുണ്ട്.





വർക്കല പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടം

സ്റ്റേഷനു മുന്നിലെ മതിലിൽ പൊതുജനങ്ങളുടെ കൂടി സഹായത്തോടെ ബോധവത്കരണ സന്ദേശങ്ങളും പതിപ്പിച്ചിട്ടുണ്ട്.

1922-ലാണ് വർക്കല മൈതാനത്തിന്റെ പടിഞ്ഞാറുഭാഗത്തായി പോലീസ് സ്റ്റേഷൻ നിലവിൽവന്നത്. ബ്രിട്ടീഷുകാരുടെ കാലത്താണ് 3000 ചതുരശ്രയടിയുള്ള ഓടുപാകിയ കെട്ടിടം പണിതത്. കാലപ്പഴക്കം കാരണം മേൽക്കൂര തകർന്നും ഭിത്തികളിൽ വിള്ളൽ വീണും കെട്ടിടം നാശാവസ്ഥയിലായിരുന്നു. തുടർന്നാണ് പുതിയ കെട്ടിടം നിർമിക്കാൻ തീരുമാനിച്ചത്. 2019 ഫെബ്രുവരിയിലായിരുന്നു നിർമാണോദ്ഘാടനം.

## ജനശബ്ദം

### വർക്കലയ്ക്കു തിലകക്കുറി



വർക്കല പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടം വർക്കലയുടെ മുഖച്ഛായ മാറ്റുന്നതാണ്. വെളിച്ചമുള്ള അന്തരീക്ഷത്തിലെ മനോഹരമായ മന്ദിരം വർക്കലയ്ക്കു തിലകക്കുറിയാകും. ഇതിനു പിന്നിൽ പ്രവർത്തിച്ചവർക്ക് അഭിനന്ദനങ്ങൾ.

**ജി.ബിജു,**
**വ്യാപാരി, വർക്കല**

### കർത്തവ്യനിർവഹണത്തിന് അനുയോജ്യം



പോലീസിന്റെ കർത്തവ്യനിർവഹണത്തിന് അനുയോജ്യമായ സ്റ്റേഷൻ കെട്ടിടമാണ് യാഥാർഥ്യമാകുന്നത്. വർക്കല കോടതിയുടെ അധികാരപരിധിയിൽ ഏറ്റവും കൂടുതൽ എഫ്.ഐ.ആർ. സമർപ്പിക്കപ്പെടുന്ന സ്റ്റേഷനുകളിലൊന്നാണ് വർക്കല. കൂടുതൽ കാര്യക്ഷമമായി കേസ് ഫയലുകൾ തയ്യാറാക്കുന്നതിന് പുതിയ കെട്ടിടത്തിലെ സൗകര്യങ്ങൾ പ്രയോജനം ചെയ്യും. കൂടുതൽ ജനമൈത്രിയോടെ പ്രവർത്തിക്കാൻ ഇടവരുത്തുന്ന നവീകരിച്ച പുതുമന്ദിരം കാഴ്ചയിലും ആനന്ദദായകമാണ്.

**നിയാസ് എ.സലാം,**
**മുൻ ഗവൺമെന്റ് പ്ലീഡർ**

### മനോഹരമായ പോലീസ് സ്റ്റേഷൻ



കേരളത്തിൽ ഇത്രയും മനോഹരമായ മറ്റൊരു പോലീസ് സ്റ്റേഷൻ കെട്ടിടമില്ല. വർക്കലയിലെത്തുന്ന വിനോദസഞ്ചാരികൾക്കും സ്റ്റേഷനും പരിസരവും ഭൂപ്രകൃതിക്കനുസരിച്ചുള്ള അനുഭവമാകും.

വി.ജോയി, **എം.എൽ.എ.**

### കാലഘട്ടത്തിനനുസരിച്ചുള്ള കെട്ടിടം



പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള കെട്ടിടമാണ് വർക്കല പോലീസ് സ്റ്റേഷനായി നിർമിച്ചിട്ടുള്ളത്. സ്റ്റേഷനിലെത്തുന്നവർക്കും ജോലി ചെയ്യുന്നവർക്കും സുഖകരമായ അന്തരീക്ഷമുണ്ടാക്കാൻ കഴിയും. കൂടുതൽ ജനസൗഹൃദ സ്റ്റേഷനായും പ്രവർത്തിക്കാനാകും.

-ജി.ഗോപകുമാർ,
**ഇൻസ്പെക്ടർ എസ്.എച്ച്.ഒ.**
**വർക്കല പോലീസ് സ്റ്റേഷൻ**

# വർക്കല പൊലീസ് സ്റ്റേഷൻ 'വേറെ ലെവൽ'

സുധീർ വർക്കല

**വർക്കല**

കലാമണ്ഡലവും കലാനിലയവുമെല്ലാം മാറി നിൽക്കും. 'ഇത് വേറെ ലെവൽ'. വർക്കല പൊലീസ് സ്റ്റേഷനെക്കുറിച്ച് നാട്ടുകാർ പറയുന്നതിങ്ങനെ. വർക്കല പൊലീസ് സ്റ്റേഷനായി ആധുനികരീതിയിൽ, പഴമയുടെ പുതുമ നിലനിർത്തി നിർമിച്ച മനോഹരമായ കെട്ടിടമാണ് ഇപ്പോൾ എല്ലാവരുടെയും ശ്രദ്ധയാകർഷിക്കുന്നത്. പച്ചക്കറിതോട്ടവും മീൻ കുളവും കുട്ടികൾക്കായുള്ള പാർക്കും പൂന്തോട്ടവും വായനശാലയുമൊക്കെയായി നാടിനോടു ചേർന്നു നിൽക്കുന്ന പൊലീസ് സ്റ്റേഷൻ. പഴയ കെട്ടിടം പൊളിച്ച് അതേ സ്ഥാനത്താണ് പുതിയ കെട്ടിടം പണിതത്. 1.39 കോടി രൂപ ചെലവഴിച്ച് 7300 ചതുരശ്രയടിയിൽ ഹാബിറ്റാറ്റാണ് ഇരുനില കെട്ടിടം നിർമിച്ചത്. ആർക്കിടെക്ട് ജി ശങ്കറാണ് കെട്ടിടം രൂപകല്പന ചെയ്തത്. കെട്ടിടത്തിന്റെ ഉദ്ഘാടനം ബുധനാഴ്ച രാവിലെ ഒമ്പതിന് മുഖ്യമന്ത്രി പിണറായി വിജയൻ വീഡിയോ കോൺഫറൻസിങ്ങിലൂടെ നിർവഹിക്കും. വി ജോയി എംഎൽഎ അധ്യക്ഷനാകും.



വർക്കല പൊലീസ് സ്റ്റേഷന്റെ പുതിയ ഇരുനില മന്ദിരം

ഇരുനില കെട്ടിടത്തിന്റെ താഴത്തെ നിലയിൽ എസ്എച്ച്ഒ, എസ്ഐമാരുടെ മുറികൾ, ഓഫീസ്, റെക്കോഡ്സ് മുറി, പുരുഷ വനിതാ ലോക്കപ്പുകൾ, വനിത, സിറ്റിസൺ ഹെൽപ് ഡെസ്കുകൾ, വിസിറ്റേഴ്സ് ലോഞ്ച് എന്നിവയാണുള്ളത്. ഒന്നാം നിലയിൽ കോൺഫറൻസ് ഹാൾ, പുരുഷ വനിതാ പൊലീസുകാരുടെ വിശ്രമ മുറി, ക്രൈം ഇൻവെസ്റ്റിഗേഷൻ വിങ്, സിസിടിഎൻഎസ്, കൺട്രോൾ റൂം എന്നിവയും. മുൻഭാഗത്ത് ഇന്റർലോക്കിങ് പാകിയിട്ടുണ്ട്. സ്റ്റേഷന് മുന്നിലെ മതിലിൽ ട്രാഫിക് ബോധവൽക്കരണം, മയക്കുമരുന്ന്, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമം എന്നിവയുമായി ബന്ധപ്പെട്ട സന്ദേശങ്ങളും പതിച്ചിട്ടുണ്ട്.

1922ലാണ് വർക്കല മൈതാനത്തിന്റെ ഹൃദയഭാഗത്തായി പൊലീസ് സ്റ്റേഷൻ നിലവിൽവന്നത്. ബ്രിട്ടീഷുകാരുടെ കാലത്താണ് 3000 ചതുരശ്ര അടിയുള്ള ഓടുപാകിയ കെട്ടിടം പണിതത്. 80 വർഷത്തിലധികം സ്റ്റേഷൻ പ്രവർത്തിച്ചത് പഴയ കെട്ടിടത്തിലാണ്. 2019 ഫെബ്രുവരിയിലായിരുന്നു നിർമാണോദ്ഘാടനം.

വർക്കല പൊലീസ് സ്റ്റേഷനിൽ എത്തുന്നവർക്കാവശ്യമായ എല്ലാ സൗകര്യങ്ങളുമുണ്ടാകുമെന്നും വർക്കലയിലെത്തുന്ന വിനോദസഞ്ചാരികൾക്കും സ്റ്റേഷനും പരിസരവും ടൂറിസത്തിന് അനുസരിച്ചുള്ള അനുഭവമാകുമെന്നും വി ജോയി എംഎൽഎ പറഞ്ഞു.